പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 27.10.2016-ൽ

ചോദ്യം നമ്പർ.4923 — മറുപടിക്ക്

## അനധികൃതമായ മണ്ണെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് പരിധിയിൽ അനുമതിയില്ലാതെ മണ്ണെടുക്കുന്നതും. പാടം നികത്തുന്നതുമായി ബന്ധപ്പെട്ട് 2015-ൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പരാതികളിന്മേൽ റവന്യൂ വകുപ്പ് ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് പരിധിയിൽ അനുമതിയില്ലാതെ മണ്ണെടുക്കുന്നതും, പാടം നികത്തുന്നതുമായി ബന്ധപ്പെട്ട് 2015-ൽ ആകെ 244 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 8 കേസുകളിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2016-ൽ ഈ വിഷയത്തിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | 2016-ൽ ഇതുവരെ 323 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | അനധികൃതമായി മണ്ണെടുക്കുന്നതും, പാടം നികത്തുന്നതും കർശനമായി തടയുന്നതിന് വില്ലേജ്, താലൂക്ക് റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം കൃഷി ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ടി ഉത്തരവ് ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ അനുമതി വാങ്ങാതെ പരിവർത്തനപ്പെടുത്തുന്ന കേസുകളിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായിട്ടുള്ള ഭൂമിയിൽ നടത്തുന്ന അനധികൃത പരിവർത്തനങ്ങൾക്കെതിരെ പ്രസ്തുത നിയമത്തിലെ വകുപ്പ് 12,13,19,22 എന്നിവ പ്രകാരമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ അനധികൃതമായ മണ്ണെടുപ്പും പാടം നികത്തലും തടയുന്നതിനായി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പോലീസുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ